ആർ ബി ഐ/2004/82
ബി പി ഡി. പി സി ബി വിജ്ഞാപനം.36/13.08.00/2003-04

ഫെബ്രുവരി 27, 2004

പ്രാഥമിക (അർബൻ) സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവുമാർ

സർ,

ആശ്വാസ കടപ്പത്രത്തിന്റെ ഈടിൻമേൽ

10% ആശ്വാസ കടപ്പത്രം 1993 ലെ ഖണ്ഡിക 2 ലെ നിബന്ധനകൾക്ക് വിധേയമായി കടപ്പത്ര ഈടിൻമേൽ ഗ്രാന്റ് അനുവദിക്കുന്നതു സംബന്ധിച്ച ഞങ്ങളുടെ സർക്കുലർ, UBD No.PCB.82/DC (13.08.00/92-93) (ജൂൺ 2, 1993) സദയം പരിശോധിക്കുക

2. വിവിധ പലിശ നിരക്കിലും കാലാവധി പരിധിയിലും കാലാകാലങ്ങളിൽ ഭാരത സർക്കാർ ആശ്വാസ കടപ്പത്രങ്ങൾ പുറത്ത് ഇറക്കുന്നു എന്ന കാര്യം താങ്കൾക്ക് അറിയാവുന്നതാണല്ലോ. അനുബന്ധത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, സമൂർത്തമല്ലാത്ത തരത്തിലുള്ള 'ബോണ്ട് ലഡ്ജർ അക്കൗണ്ട്' വിധത്തിലുള്ള ബോണ്ടുകൾ 30 നിർദ്ദിഷ്ട ഏജൻസി ബാങ്കുകൾ ഇപ്പോൾ പുറത്തിറക്കി വരുന്നു. ഇത്തരത്തിലുള്ള കടപ്പത്രങ്ങളുടെ ഈടിൻമേൽ ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തെപ്പറ്റിയുള്ള അന്വേഷണം ബാങ്കുകളിൽ നിന്ന് ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. വ്യത്യസ്ത ക്രമത്തിൽ പുറത്തിറക്കിയിട്ടുള്ള ഇത്തരം കടപ്പത്രങ്ങൾക്ക് മുകളിൽ ചേർത്ത വിജ്ഞാപനത്തിലെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കാവുന്നതാണെന്ന് ഇതിനാൽ വ്യക്തമാകുന്നു.

(i) വായ്പ തരപ്പെടുത്തുന്നതിന് ആശ്വാസ കടപ്പത്രങ്ങളുടെ ഈടിൻമേലുള്ള ലഭ്യത മാത്രം മാനദണ്ഡമായി ബാങ്കുകൾ സ്വീകരിക്കുവാൻ പാടില്ല. വായ്പയുടെ ഉദ്ദേശം, കടമെടുക്കുന്ന ആളിന്റെ വായ്പാ ആവശ്യത്തിന്റെ യഥാർത്ഥ പശ്ചാത്തലം, നൽകപ്പെടുന്ന തുകയുടെ വിനിയോഗം എന്നിവയെക്കുറിച്ച് ബാങ്കുകൾ വിലയിരുത്തേണ്ടതാണ്.

(ii) കാലാകാലങ്ങളിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ പുറത്തിറക്കുന്ന പലിശനിരക്കുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ, വായ്പയ്ക്കുള്ള പലിശ നിരക്കു നിർണ്ണയിക്കുമ്പോൾ പാലിക്കേണ്ടതാണ്

(iii) മുതലും പലിശയും തിരിച്ചടയ്ക്കുമ്പോൾ വീഴ്ച സംഭവിക്കാതിരിക്കാനായി ആവശ്യമായ മാർജിൻ തുക നീക്കിവയ്ക്കേണ്ടതാണ്.

3. വായ്പകൾ വിതരണം നടത്തുമ്പോൾ ഈ ബോണ്ടുകൾ/സർട്ടിഫിക്കറ്റുകൾ ബാങ്കിന്റെ പേരിലേക്ക് മാറ്റാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ അനുവദിക്കുന്ന തീയതിക്കുശേഷം 2-3 വർഷം കഴിഞ്ഞോ, കടപ്പത്രങ്ങൾ കാലാവധി പൂർത്തിയാക്കുന്ന സമയത്തോ ആയിരിക്കും പലപ്പോഴും ഇത്തരം ഇടപാടുകൾ ബാങ്കുകൾ റിസർവ്വ് ബാങ്കിന്റെ പൊതുജന ഓഫീസിനെ അറിയിക്കുന്നത്. തങ്ങളുടെ പേരുകളിൽ മാറ്റപ്പെടാത്ത കടപ്പത്രങ്ങൾ കൈമോശം വന്നുപോകുന്ന കാര്യവും ചില ബാങ്കുകൾ അറിയിക്കാറുണ്ട്. വ്യാജ കടപ്പത്രങ്ങൾ /സർട്ടിഫിക്കറ്റുകൾ എന്നിവയുടെ വിപണനവും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അടുത്തകാലത്ത്, ബോണ്ട് ഉടമയുടെ ഏജന്റ് എന്ന് അവകാശപ്പെടുന്ന ഒരു വ്യക്തി ബോണ്ടുടമയുടെ കയ്യൊപ്പ് സാക്ഷ്യപ്പെടുത്തേണ്ട ആവശ്യത്തിനായി കടപ്പത്രത്തിന്റെ ഒരു കളർ ഫോട്ടോകോപ്പി ഹാജരാക്കിയ സംഭവം ഉണ്ടായിട്ടുണ്ട്. മനപൂർവ്വമോ അല്ലാതയോ ആവർത്തിച്ചുവരുന്ന ഇത്തരം ചെയ്തികൾ വഞ്ചനയിലേയ്ക്ക് നയിക്കപ്പെടാവുന്നതാണ്. ഒരേ ബോണ്ടിൻമേൽ പല ബാങ്കുകളിൽ നിന്നും വായ്പ തരപ്പെടുത്തുന്നത് തടയാൻ വേണ്ട നിയന്ത്രണ സംവിധാനങ്ങൾ താങ്കളുടെ ഭാഗത്ത് നിന്ന് അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു.

4. ആശ്വാസ കടപ്പത്രങ്ങൾ / സർട്ടിഫിക്കറ്റുകൾ എന്നിവയുടെ മേൽ വായ്പ അനുവദിക്കുമ്പോൾ താഴെ ചേർക്കുന്ന ജാഗ്രതാ ക്രമീകരണങ്ങളും മുൻകരുതലുകളും ഉണ്ടാകേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

(i) ബോണ്ട് ലഡ്ജർ അക്കൗണ്ട് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഈടിൻമേൽ ജാമ്യം രേഖപ്പെടുത്തേണ്ട ബാദ്ധ്യത വായ്പ നൽകുന്ന ബാങ്കിന് ഉണ്ടായിരിക്കുന്നതല്ല. അധികജാമ്യമായി ഗവൺമെന്റ് ഈട് അംഗീകരിക്കേണ്ടി വരുമ്പോൾ അത് വായ്പ അനുവദിക്കുന്ന ബാങ്കിന്റെ പേരിൽ മാറ്റേണ്ടതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ബാങ്കിംഗ് കമ്പനികൾക്കും ആശ്വാസ കടപ്പത്രങ്ങൾ തങ്ങളുടെ പേർക്ക് മാറ്റിയെടുത്ത് അവയുടെ ഈടിൻമേൽ വായ്പ അനുവദിക്കാമെന്ന കാര്യം കൂടി ഓർമ്മിപ്പിക്കുന്നു.

(ii) ആശ്വാസ കടപ്പത്രങ്ങളിൽ മേൽ മൂന്നാം കക്ഷി വായ്പകൾ അനുവദിക്കാൻ പാടുള്ളതല്ല.

(iii) ഭാരത സർക്കാരിന്റെ വിജ്ഞാപനം പ്രകാരം, സമ്പാദ്യ കടപ്പത്രങ്ങൾ വായ്പ അനുവദിക്കാനുള്ള ഈടായി സ്വീകരിക്കുവാൻ പാടുള്ളതല്ല.

തങ്ങളുടെ ബാങ്കുകളിൽ ക്രമക്കേടുകൾ സംഭവിക്കാതിരിക്കാനായി അർബൻ സഹകരണ ബാങ്കുകൾ വേണ്ടത്ര മുൻകരുതലുകൾ ഉറപ്പാക്കേണ്ടതാണ്.

5. കത്തുലഭിച്ച വിവരം മേഖലാ ഓഫീസിനെ അറിയിക്കുക.

വിശ്വസ്തതയോടെ

(എസ്. കറുപ്പസ്വാമി)

ചീഫ് ജനറൽ മാനേജർ - ഇൻ - ചാർജ്ജ്

ഇതോടൊപ്പമുള്ളത്: അനുബന്ധം 1

അനുബന്ധം 1

ഭാരത സർക്കാർ ആശ്വാസ സമ്പാദ്യ  കടപ്പത്ര പദ്ധതികൾ

ഏജൻസി ബാങ്കുകളുടെ പട്ടിക

| ക്രമ നമ്പർ | ഏജൻസി ബാങ്കുകളുടെ പേര് |
|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ് |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ & ജയ്പൂർ |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ |
| 9 | അലഹബാദ് ബാങ്ക് |
| 10 | ബാങ്ക് ഓഫ് ബറോഡ |
| 11 | ബാങ്ക് ഓഫ് ഇൻഡ്യ |
| 12 | ബാങ്ക് ഓഫ് മഹാരാഷ്ട്ര |
| 13 | കാനറാ ബാങ്ക് |
| 14 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ |
| 15 | കോർപ്പറേഷൻ ബാങ്ക് |
| 16 | ദേനാ ബാങ്ക് |
| 17 | ഇൻഡ്യൻ ബാങ്ക് |
| 18 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് |
| 19 | ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് |
| 20 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 21 | സിൻഡിക്കേറ്റ് ബാങ്ക് |
| 22 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ |
| 23 | യുണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യ |
| 24 | യുണൈറ്റഡ് കമേർഷ്യൽ ബാങ്ക് |
| 25 | വിജയാ ബാങ്ക് |
| 26 | UTI ബാങ്ക് ലിമിറ്റഡ് |
| 27 | ICICI ബാങ്ക് ലിമിറ്റഡ് |
| 28 | IDBI ബാങ്ക് ലിമിറ്റഡ് |
| 29 | HDFC ബാങ്ക് ലിമിറ്റഡ് |

| | |
|---|---|
| 30 | SHCIL ലിമിറ്റഡ് |

* അഖിലേന്ത്യാ പ്രവർത്തനങ്ങൾ മുംബൈയിൽ കേന്ദ്രീകൃതമായിരിക്കുന്നു.